ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.08.2026**

## പ്രധാനവാർത്തകൾ

1. **സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. സമ്പൂർണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾ മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു.**

2. **തുറമുഖങ്ങളുടെ വികസനത്തിന് സ്വകാര്യ മൂലധനം ആവശ്യമാണെന്നും ഇതിനുള്ള ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞതായും മുഖ്യമന്ത്രി വി ഡി സതീശൻ.**

3. **സംസ്ഥാനത്തെ സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 45.68 കോടി രൂപ അനുവദിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ്.**

4. **കേരള പോലീസിന്റെ എ.ഐ. ട്രാക്ക്, ഇൻറഗ്രേറ്റഡ് ബീറ്റ് മാനേജ്മെൻറ് സിസ്റ്റം, സൈബർ വാൾ എന്നീ പദ്ധതികൾക്ക് തുടക്കം കുറിച്ച് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.**

5. **പരീക്ഷാ ക്രമക്കേടിലെ വിദ്യാർത്ഥി പ്രതിഷേധത്തെ തുടർന്ന് JSSC-CGL പരീക്ഷ റദ്ദാക്കി ഝാർഖണ്ഡ് സർക്കാർ.**

RNU TVPM

6. **സംസ്ഥാനത്ത് നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കടലാക്രമണ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം**

❁❁❁❁❁❁❁❁❁❁❁❁❁

**വിഴിഞ്ഞം (ഇൻട്രോ)**

വിഴിഞ്ഞം തുറമുഖത്ത് നിന്നു നേരിട്ടുള്ള കയറ്റുമതി - ഇറക്കുമതി പ്രവർത്തനങ്ങൾ മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു.

***കൂടുതൽ വിവരങ്ങളുമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി................***

***(വോയിസ്)***

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി(ഇൻട്രോ)**

തുറമുഖങ്ങളുടെ വികസനത്തിന് സ്വകാര്യ മൂലധനം ആവശ്യമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇതിനായുള്ള ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞതായും അദ്ദേഹം അറിയിച്ചു. ലോകത്തിലേക്കുള്ള കേരളത്തിന്റെ വികസന കവാടമാണ് ഇന്ന് തുറന്നതെന്നും ഇന്ത്യയിലെ ഏറ്റവും മികച്ച എ ഐ അധിഷ്ഠിത സംവിധാനങ്ങളാണ്

വിഴിഞ്ഞത്തുള്ളതെന്നും ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. *(ഹോൾഡ് വോയിസ് )*

വ്യവസായ മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി അധ്യക്ഷത വഹിച്ച

ചടങ്ങിൽ സംസ്ഥാന സർക്കാരിൻറെ 'മിഷൻ സമുദ്ര' പദ്ധതിയുടെ പ്രഖ്യാപനവും, ലോഗോ പ്രകാശനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**റോജി എം. ജോൺ**

സംസ്ഥാനത്തെ സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 45.68 കോടി രൂപ അനുവദിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ്. ഐ.ടി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ കെട്ടിടങ്ങൾ, അക്കാദമിക് ബ്ലോക്കുകൾ, ലൈബ്രറികൾ എന്നിവയുടെ നിർമ്മാണത്തിനുമായി തുക വിനിയോഗിക്കാമെന്ന് മന്ത്രി റോജി എം. ജോൺ അറിയിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയതായും അദ്ദേഹം പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

**ഇഡി പരിശോധന**

PNUTVPM

സിഎംആർഎൽ-എക്സാലോജിക് പണമിടപാടുമായി ബന്ധപെട്ട് കോഴിക്കോട് വിവിധ ഇടങ്ങളിൽ എൻഫോഴ്സ്മെൻ്റ് ഡയറക്ട്രേറ്റ് റെയ്ഡ് നടത്തുന്നു. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ്റെ മകൾ വീണയുടെ മൊഴിയിൽ പരാമർശിച്ചിട്ടുള്ളവരുടെ വീടുകളിലും സ്ഥാപനങ്ങളിലുമാണ് റെയ്ഡ് നടക്കുന്നത്. കോഴിക്കോട് സബ് സോണൽ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് പരിശോധന.

❁❁❁❁❁❁❁❁❁❁❁❁❁

**ഝാർഖണ്ഡ്**

ഝാർഖണ്ഡിൽ പരീക്ഷാ ക്രമക്കേടിലെ വിദ്യാർത്ഥി പ്രതിഷേധത്തെ തുടർന്ന് JSSC-CGL പരീക്ഷയും മറ്റ് എല്ലാ മത്സര പരീക്ഷകളും റദ്ദാക്കി. മുഖ്യമന്ത്രി ഹേമന്ത് സോറന്റെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. 2014 മുതൽ ഝാർഖണ്ഡ് പബ്ലിക് സർവ്വീസ് കമ്മീഷനും, ഝാർഖണ്ഡ് സ്റ്റാഫ് സെലക്ഷൻ കമ്മീഷനും നടത്തിയ എല്ലാ പരീക്ഷകളിലും സമഗ്ര അന്വേഷണം നടത്താനും സർക്കാർ ഉത്തരവിട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

**വിദ്യാർത്ഥി പ്രതിഷേധം**

RNJTVPM

ബി.ടെക് വിദ്യാർത്ഥിയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ കോതമംഗലം എം എ കോളേജിൻ്റെ കവാടത്തിന് മുന്നിൽ വിദ്യാർത്ഥികളുടെ പ്രതിഷേധം.

മൂന്നാം വർഷ ബി.ടെക് വിദ്യാർത്ഥിയും അരുണാചൽ പ്രദേശ് സ്വദേശിയുമായ മിചി മാർപ്പുവിനെയാണ് കഴിഞ്ഞ ദിവസം മരിച്ച നിലയിൽ കണ്ടെത്തിയത്. മാർപ്പുവിൻ്റെ മരണത്തിന് കാരണക്കാരയവർക്കെതിരെ നടപടി സ്വീകരിക്കുക, കുടുംബത്തിന് നഷ്ടപരിഹാരം നൽകുക തുടങ്ങി ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രതിഷേധം.

❁❁❁❁❁❁❁❁❁❁❁❁❁

**സുരേഷ്ഗോപി**

തൃശൂർ പുലിക്കളി സംഘങ്ങൾക്കുള്ള കേന്ദ്ര സഹായമായ

24 ലക്ഷം രൂപ കൈമാറി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

ചരിത്രത്തിൽ ആദ്യമായിട്ടാണ് തൃശ്ശൂരിലെ പുലിക്കളി സംഘങ്ങൾക്ക് കേന്ദ്രത്തിൽ നിന്ന് സഹായം അനുവദിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. പുലിക്കളി സംഘങ്ങൾക്കുള്ള ധനസഹായം ഈ വർഷം വർധിപ്പിച്ചിട്ടുണ്ടെന്നും തൃശ്ശൂർ കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**രമേശ് ചെന്നിത്തല**

RNU TVPM

കേരള പോലീസിൻറെ എ.ഐ. ട്രാക്ക്, ഇൻറഗ്രേറ്റഡ് ബീറ്റ് മാനേജ്മെൻറ് സിസ്റ്റം, സൈബർ വാൾ എന്നീ പദ്ധതികളുടെ ഉദ്ഘാടനം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. ലോൺ ആപ്പ് പോലെയുള്ള തട്ടിപ്പുകൾ ഇല്ലാതാക്കാനും റോഡപകടങ്ങൾ കുറക്കാനും പോലീസ് പട്രോളിങ് ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കാനുമുള്ള മൂന്ന് പദ്ധതികൾക്കാണ് തുടക്കമായതെന്ന് അദ്ദേഹം മാധ്യങ്ങളോട് പറഞ്ഞു. ഓപ്പറേഷൻ തൂഫാനിൽ രാഷ്ട്രീയം കാണരുതെന്നും യുവതലമുറക്കായി ഒന്നിച്ചു പ്രവർത്തിക്കണമെന്നും ശ്രീ രമേശ് ചെന്നിത്തല ആവർത്തിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ത്യ-ബ്രിക്സ്

പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവിൻറെ അധ്യക്ഷതയിലാണ്

യോഗം. 'പ്രതിരോധശേഷിയും നവീകരണവും, സഹകരണവും, സുസ്ഥിരതയും കെട്ടിപ്പടുക്കുക' എന്ന ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയുടെ പ്രധാന പ്രമേയത്തിൻറെ അടിസ്ഥാനത്തിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**കെ.മുരളീധരൻ**

കേരളത്തിലെ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്ക് വ്യക്തമായി പ്രദർശിപ്പിക്കാൻ ആരോഗ്യമന്ത്രി കെ.മുരളീധരൻ നിർദ്ദേശം നൽകി. ഡോക്ടർമാരുടെ പേരും ഒ.പി ദിവസവും സമയവും കൃത്യമായി പ്രദർശിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ഗുരുവായൂർ (ഇൻട്രോ)**

RNUTVPM

കാർഷിക സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പ്രതീകമായ ഇല്ലംനിറ ചടങ്ങുകൾ ഗുരുവായൂരിൽ ഇന്ന് നടന്നു.

***വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്..........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ഭാരതീയവിചാരകേന്ദ്രം**

കേരള പി എസ് സിയിലെ പരീക്ഷാക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്താൻ ഗവർണർ രാജേന്ദ്ര വിശ്വനാഥ്

ആർലേക്കറുടെ ഇടപെടൽ സ്വാഗതാർഹമാണെന്ന് ഭാരതീയവിചാരകേന്ദ്രം. ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന അന്വേഷണം തൃപ്തികരമല്ല എന്നാണ് ഉദ്യോഗാർത്ഥികളുടെ പരാതി. പി എസ് സിയിൽ നടക്കുന്ന പരീക്ഷാ ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണത്തിൻ്റെ പരിധി വിപുലപ്പെടുത്തണമെന്നും ഭാരതീയവിചാരകേന്ദ്രം ഡയറക്ടർ ആർ സഞ്ജയൻ ആവശ്യപ്പെട്ടു.

**എൽ. മുരുകൻ**

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ - പാർലമെൻററികാര്യ വകുപ്പ് സഹമന്ത്രി എൽ. മുരുകൻ ഇന്ന് രാത്രിയോടെ മലപ്പുറം കോട്ടക്കൽ ആര്യവൈദ്യശാലയിൽ എത്തും. ഒരാഴ്ചത്തെ സന്ദർശനത്തിനാണ് അദ്ദേഹം എത്തുന്നത്.

**വാർത്താലാപ്**

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി ചേർത്തലയിൽ ഏകദിന മാധ്യമ ശില്പശാല സംഘടിപ്പിച്ചു. ആലപ്പുഴ ജില്ലാ പോലീസ്

RNUTVPM

മേധാവി വിഷ്ണു പ്രദീപ് ഉദ്ഘാടനം ചെയ്തു. സുതാര്യവും, നിഷ്പക്ഷവും, സത്യസന്ധവുമായ മാധ്യമ പ്രവർത്തനം ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതായി അദ്ദേഹം പറഞ്ഞു. വാർത്തകളുടെ വസ്തുത കണ്ടെത്തുക ഏറെ വെല്ലുവിളി നേരിടുന്നതായി ചടങ്ങിൽ അധ്യക്ഷനായിരുന്ന പി.ഐ.ബി തിരുവനന്തപുരം അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി പറഞ്ഞു. അതെസമയം, കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല നാളെ രാവിലെ 9:30 മുതൽ എറണാകുളം മരട് നടക്കും. ജില്ലാ കളക്ടർ ജി.പ്രിയങ്ക പരിപാടി ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് കോട്ടയം, എറണാകുളം, കണ്ണൂർ കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

RNUTVPM

## ഹോക്കി

നെതർലൻഡ്സിൽ നടക്കുന്ന എഫ്.ഐ.എച്ച് ലോകകപ്പ് വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. പുരുഷ ഹോക്കിയിൽ രണ്ടിനെതിരെ നാല് ഗോളുകൾക്കാണ് ഇംഗ്ലണ്ട് - ഇന്ത്യയെ തോൽപ്പിച്ചത്. ആദ്യ മത്സരത്തിൽ വെയ്ൽസിനെ പരാജയപ്പെടുത്തിയ ഇന്ത്യ നാളെ നിർണായക മത്സരത്തിൽ പാകിസ്ഥാനെ നേരിടും.

RNU TVPM

## ബാഡ്മിന്റൺ

ന്യൂഡൽഹിയിൽ ആരംഭിച്ച BWF ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരങ്ങൾക്ക് വിജയത്തുടക്കം. പുരുഷ സിംഗിൾസിൽ യുവതാരം ആയുഷ് ഷെട്ടി നിലവിലെ ലോക ചാമ്പ്യനും ഒന്നാം റാങ്കുകാരനുമായ ചൈനയുടെ ഷി യു ക്വിയെ അട്ടിമറിച്ചു. വനിതാ സിംഗിൾസിൽ മുൻനിര താരം പി വി സിന്ധു അയർലൻഡിന്റെ സോഫിയ നോബിളിനെതിരെ ആധികാരിക വിജയം നേടി.

## ഡൊണാൾഡ് ട്രംപ്

ഇന്ത്യയിലെ വോട്ടർ തിരിച്ചറിയൽ കാർഡ് സംവിധാനത്തെ പ്രശംസിച്ച് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. യുഎസ് തിരഞ്ഞെടുപ്പ് നിയമങ്ങൾക്കുള്ള മാതൃകയായും സുരക്ഷയുടെ ഉദാഹരണമായും ഈ സംവിധാനത്തെ അദ്ദേഹം വിശേഷിപ്പിച്ചു. 'ഫെഡറൽ തിരഞ്ഞെടുപ്പുകളിൽ വോട്ട് രജിസ്ട്രേഷന് പൗരത്വ തെളിവും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും നിർബന്ധമാക്കാൻ ലക്ഷ്യമിട്ടുള്ള സേവ് അമേരിക്ക ആക്ട് പാസാക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് ട്രംപിൻറെ പരാമർശം.

RNUT VPM